പൂക്കളെ സ്നേഹിക്കുന്ന, പൂന്തോട്ടത്തിൽ വസിക്കുന്ന ചില വിദേശ പക്ഷികളെ പരിചയപ്പെടാം

# പൂക്കളുടെ കൂട്ടുകാരികൾ

• റവ. ജോർജ് മാത്യു



## റൂബി ത്രോട്ടഡ് ഹമ്മിങ് ബേർഡ്

ഒട്ടുമുക്കാൽ സമയങ്ങളിലും പുഷ്പങ്ങൾ നിറഞ്ഞ തോട്ടങ്ങളിൽ കാണപ്പെടുന്ന പക്ഷിയാണ് റൂബി ത്രോട്ടഡ് ഹമ്മിംഗ് ബേഡ് (Ruby Throated Humming Bird). പൂക്കളുടെ കൂട്ടുകാരി (Friend of flowers) എന്ന പേരിലും ഇത് അറിയപ്പെടുന്നു.

വടക്കേ അമേരിക്കയിലെ മിസിസിപ്പി നദിക്കരയിലും മെക്സിക്കോ, പനാമ, വെസ്റ്റ് ഇൻഡീസ് എന്നിവിടങ്ങളിലും ഇതിനെ കണ്ടുവരുന്നു. പെൺ പക്ഷിക്ക് 7 മുതൽ 9 സെന്റീ മീറ്റർ വരെ നീളവും ആൺപക്ഷിക്ക് 8 മുതൽ 11 സെന്റീ മീറ്റർ വരെ ചിറക് വിസ്താരവുമുണ്ട്.

രണ്ട് മുതൽ 6 ഗ്രാം വരെയാണ് ഈ ചെറിയ പക്ഷിയുടെ ഭാരം. ആൺ പക്ഷിയുടെ കഴുത്തിൽ ചുവന്ന പുള്ളി കാണും. മനോഹരമായ കഴുത്തു മൂലം ഇതിന് ലഭിച്ചിരിക്കുന്ന ബഹുമതിയാണ് റൂബി ത്രോട്ടഡ് എന്നത്. പൂക്കളിൽ നിന്ന് തേൻ ഊറ്റിക്കുടിച്ചും അതിന്റെ മാംസളവും രുചികരവുമായ ഭാഗങ്ങൾ കൊത്തിത്തിന്നും ഇവ ജീവിക്കുന്നു.

## അമേരിക്കൻ റോബിൻ

പൂക്കളെ സ്നേഹിക്കുന്ന അമേരിക്കൻ റോബിന് (American Robin) പാടുന്ന പക്ഷി (Singing Bird) എന്നു കൂടി പേരുണ്ട്. കാഴ്ചയിൽ വളരെ ഭംഗി തോന്നിക്കുന്ന പക്ഷി കൂടിയാണിത്. അമേരിക്കക്കാർക്ക് വളരെയധികം ഇഷ്ടമുള്ള പക്ഷി കൂടിയായതിനാലാണ് അമേരിക്കൻ റോബിൻ എന്ന് വിളിക്കപ്പെടുന്നത്.

വടക്കേ അമേരിക്കയിലും തെക്കൻ കാനഡയിലും മെക്സിക്കോ, പെസഫിക് തീരങ്ങളിലും ഇവ സഞ്ചരിക്കാറുണ്ട്. മിഷിഗണിലും കണക്റ്റിക്കട്ടിലുമാണ് കൂടുതലായി ഇവയെ കണ്ടുവരുന്നത്. പൂന്തോട്ടങ്ങളിൽ വസിക്കാൻ ഇഷ്ടപ്പെടുന്ന ഇവ പുൽച്ചാടി, മണ്ണിര, പുഴുക്കൾ, ചെറു കായ്കൾ, പഴങ്ങൾ എന്നിവ ഭക്ഷിക്കുന്നു. നീണ്ടുണങ്ങിയ പുല്ല്, കടലാസ്, തൂവലുകൾ, ചളി എന്നിവ ചേർത്താണ് മനോഹരവും ബലവത്തുമായ കൂടുകൾ നിർമ്മിക്കുക.



▸▸ മാവ്, പ്ലാവ്, കുരുമുളക്, ഏലം എന്നിവയുടെ ജൻമദേശമാണ് ഇന്ത്യ

## ചെസ്റ്റ്നട്ട് മാന്നികിൻ



വലുപ്പം കുറഞ്ഞ മറ്റൊരു പക്ഷിയാണ് ചെസ്റ്റ്നട്ട് മാന്നികിൻ(Chestnut Mannikin). കാഴ്ചയിൽ അത്ര മനോഹാരിതയൊന്നുമില്ലാത്ത ഇവയെ പ്രധാനമായും ജപ്പാനിലെയും ചൈനയിലെയും പൂന്തോട്ടങ്ങളിലാണ് കണ്ടുവരുന്നത്. ഓന്തിനെ പോലെ നിറം മാറുവാൻ കഴിയുമെന്നുള്ളതാണ് ഇതിന്റെ ഒരു പ്രത്യേകത.

വിവിധ വർണങ്ങളിൽ പലയിടങ്ങളിലായി പ്രത്യക്ഷപ്പെടുന്നു. ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ഈ കഴിവ് ഏറെ പ്രയോജനപ്പെടുന്നു. മണ്ണിന്റെയും കരിയിലയുടെയും ചെടികളുടെയും ഇലകളുടെയും പൂക്കളുടെയും പൂച്ചട്ടികളുടെയുമൊക്കെ നിറം നിമിഷനേരം കൊണ്ട് പ്രാപിച്ചെടുക്കാനുള്ള കഴിവ് പ്രകൃതി ഇതിന് നൽകിയിരിക്കുന്നു. തിരിച്ചറിയാൻ സാധിക്കുന്ന വിധത്തിൽ തലയിൽ മറുകും ഇതിനുണ്ട്.

മുട്ടകൾ അടയിരുന്ന് വിരിയിക്കുന്ന ചുമതലയും കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ജോലിയും ആൺപക്ഷിക്കുള്ളതാണ്. ഭക്ഷണശേഖരണമാണ് തള്ളപ്പക്ഷിയുടെ പ്രധാന ഉത്തരവാദിത്തം. മണ്ണിര, പുഴുക്കൾ, വിട്ടിലുകൾ, പൂവിനുള്ളിലെ തേൻ എന്നിവയാണ് ഭക്ഷണം. കരിയിലകളും ചുള്ളിക്കമ്പുകളും പശയും കൊണ്ടുള്ള കൂടുണ്ടാക്കി അതിനുള്ളിലാണ് താമസിക്കുക.

**കാട്ടിലെ ജെറ്റ് വിമാനങ്ങൾ എന്ന് അറിയപ്പെടുന്ന ചില പക്ഷികളെ പരിചയപ്പെടാം**

# കാട്ടിലെ ജെറ്റ് വിമാനങ്ങൾ

## കോമൺ കിങ് ഫിഷർ



ശരവേഗത്തിൽ പായുന്ന പക്ഷിയായതുകൊണ്ടാണ് കോമൺ കിങ് ഫിഷറിനെ കാട്ടിലെ ജെറ്റ് വിമാനം എന്ന് വിളിക്കുന്നത്. യൂറോപ്പിൽ ധാരാളമായി കണ്ടുവരുന്ന പക്ഷി കൂടിയാണിത്. മൂർച്ചയേറിയ കൊക്കുകൾ, മനോഹരമായ മേനി എന്നിവയാണ് ഇതിന്റെ പ്രത്യേകതകൾ. കൊക്കിന് കടുംകറുപ്പ് നിറമാണ്. മുഖ്യാഹാരമായ മൽസ്യത്തെ വായിലാക്കുവാൻ ഇതിന്റെ മൂർച്ചയേറിയ കൊക്കുകൾ സഹായിക്കുന്നു.

വളരെ മൃദുലമായ തൂവലുകളാണ്. യൂറോപ്പിലെ വനാന്തരങ്ങളിലെ ആദിവാസികൾ തലയണയിൽ നിറയ്ക്കാനുള്ള പഞ്ഞിയായി കോമൺ കിങ് ഫിഷറിന്റെ തൂവലുകൾ ഉപയോഗിക്കാറുണ്ട്. ചാരനിറത്തിലുള്ള പുള്ളികൾ കലർന്ന മൃദുവായ ശരീരത്തോട് കൂടിയുള്ള പക്ഷിയാണ് കിങ് ഫിഷർ.

▸▸ ശിവഗിരി മലയിൽ നിന്നും ഉൽഭവിക്കുന്ന നദി – പെരിയാർ


## സ്റ്റിറിയേറ്റഡ് ഫിൻച്



പറക്കലിൽ തോൽപ്പിക്കാൻ കഴിയാത്ത, അധികം വലുപ്പമില്ലാത്ത ഒരു കൊച്ചു പക്ഷിയാണ് സ്റ്റിറിയേറ്റഡ് ഫിൻച് (Striated Finch). ഇതിന്റെ കഴുത്തിന് അടിവശവും ചുണ്ടും ഇളം കറുപ്പ് നിറമാണ്. ചൈനയിലും, അപൂർവ്വമായി ഇന്ത്യയുടെ ചില ഭാഗങ്ങളിലും ഇതിനെ കണ്ടു വരുന്നു. പറക്കലിൽ രാജാവായ കഴുകനു പോലും ഇതിനെ പറന്ന് പിടിച്ച് ഇരയാക്കാൻ പ്രയാസമാണ്. ദേഹമാസകലം വെള്ള നിറമുള്ള മനോഹരമായ ചിറകുകൾ വിടർത്തുന്ന ഇവയിൽ ആൺ പക്ഷിയെയും പെൺ പക്ഷിയെയും തിരിച്ചറിയാനാണ് ഏറെ ബുദ്ധിമുട്ട്. വലിയ വൃക്ഷങ്ങളുടെ ബലവത്തായ ശിഖരങ്ങളിൽ കുരുവിയുടെ കൂട് പോലെയുള്ള വസതി മെനഞ്ഞെടുത്താണ് ഇവ വസിക്കുക. പക്ഷിക്കുഞ്ഞുങ്ങൾക്ക് കാവലിനായി എപ്പോഴും തള്ളപ്പക്ഷി ഉണ്ടായിരിക്കും.

## ഭീമൻ കൊക്ക്

നിർത്താതെ വളരെ ദൂരം വേഗത്തിൽ പറക്കാൻ കഴിവുള്ള ഒരു പക്ഷിയാണ് ഭീമൻ കൊക്ക് (Sarus Crane). പറക്കുന്ന പക്ഷികളിൽ ഏറ്റവും ഉയരം കൂടിയ ഇതിന് ശരാശരി അഞ്ചിനും ആറിനും ഇടയിൽ അടി ഉയരം കാണും. കൂട്ടത്തോടെ പറന്ന് ദേശാടനം നടത്തുന്ന ഈ സുന്ദരൻ പക്ഷിയുടെ തലയും കഴുത്തിന്റെ പകുതിയും ചുവപ്പു നിറത്തിലും തൂവലുകൾ ഇളം നീലയും വെള്ളയും കലർന്ന നിറത്തിലും കാണപ്പെടുന്നു. ജീവിതാവസാനം വരെ ഏക ഇണയുടെ കൂടെ കഴിയുന്ന പക്ഷി കൂടിയാണിത്.



ചിറക് വിടർത്തി പറക്കാനും താളലയത്തോടെ നൃത്തമാടാനും ഇതിന് പ്രത്യേക സാമർത്ഥ്യമാണ്. ചുള്ളിക്കമ്പു കൊണ്ടുണ്ടാക്കുന്ന കൂട്ടിൽ മുട്ടയിടുന്നു. അടയിരിക്കുന്ന ചുമതല ആൺ പക്ഷിയും പെൺപക്ഷിയും ചേർന്ന് ഏറ്റെടുക്കുന്നു. നാലഞ്ച് ആഴ്ചക്കുള്ളിൽ മുട്ടകൾ വിരിയും. ഇളം തൂവലുകൾ മാറി ഭംഗിയുള്ള തൂവലുകൾ വരാൻ ഒരു വർഷത്തോളം സമയമെടുക്കും. ഉത്തർപ്രദേശിലാണ് പ്രധാനമായും ഇന്ത്യൻ കൊക്കുകൾ കാണപ്പെടുന്നത്.


▸▸ ബ്രിട്ടന്റെ ദേശീയ പുഷ്പം– പനിനീർപൂവ്



## യൂറോപ്യൻ റോളർ

മൊറോക്കൊ, ടുണീഷ്യ, സൈബീരിയ, ഇറാൻ, ഇറാഖ്, കസാഖിസ്ഥാൻ, ചൈന, കശ്മീർ എന്നിവിടങ്ങളിൽ കാണുന്ന പക്ഷിയാണ് യൂറോപ്യൻ റോളർ (European Rollar). വിമാനം പറക്കുന്നത് പോലെ ശരവേഗത്തിൽ പറക്കുന്ന ഇതിന്റെ പറക്കലിന് നല്ല അടുക്കും ചിട്ടയുമാണ്.

അറേബ്യൻ സമുദ്രത്തിന് മുകളിലൂടെ കൂട്ടമായി പറക്കുന്ന കാഴ്ച നയന മനോഹരമാണ്. ഉണങ്ങിയ മരങ്ങളിൽ കൂട് കെട്ടിയും മരപ്പൊത്തുകളിൽ കൂടുണ്ടാക്കിയുമാണ് താമസം. നീലയും ഓറഞ്ചും കറുപ്പും ചേർന്ന നിറമാണ് ശരീരത്തിനുള്ളത്. മരക്കൊമ്പുകളിൽ പതിയിരുന്ന് സൂക്ഷ്മദൃഷ്ടിയോടെ ഇരകളെ വീക്ഷിച്ച് ചടുല വേഗത്തിൽ പിടിക്കുകയാണ് പതിവ്. പ്രാണികൾ, പുഴുക്കൾ, തവളകൾ എന്നിവയാണ് ഭക്ഷണം. കാക്ക കരയുന്നതുപോലെയുള്ള ഒരു പരുക്കൻ കരച്ചിലാണ് ആൺപക്ഷിയുടേത്.




• അർഷൽ അമീൻ

▸▸ ആദ്യമായി ജലം ഉപയോഗിച്ച് തെർമോമീറ്റർ നിർമ്മിച്ചത്– ഗലീലിയോ